വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഉത്തരവുകൾ

254 (1728) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് ഏതൊക്കെ ഉത്തരവുകളാണ് ഇറക്കിയതെന്ന വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പല പഞ്ചായത്തുകളും പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കൂടുതലായി ഈടാക്കിയ നികുതിസംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 14-1-2011-ലെ സ.ഉ.(അ) നമ്പർ 20/2011/തസ്വഭവ പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചു. പ്രസ്തുത ചട്ടങ്ങൾക്കുള്ള ഭേദഗതി ചട്ടങ്ങൾ 13-3-2013-ലെ സ.ഉ.(അ) നമ്പർ 88/2013/തസ്വഭവ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. 4-6-2013-ലെ സ.ഉ.(എംഎസ്.) 210/13/തസ്വഭവ നമ്പർ പ്രകാരം ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഏറ്റവും ഒടുവിൽ 27-4-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 144/15/ തസ്വഭവ പ്രകാരം വസ്തുനികുതി പിരിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ കൂടി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(ബി) പല ഗ്രാമപഞ്ചായത്തുകളും പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 27-4-2015-ലെ സ.ഉ.(എംഎസ്.) 144/15/തസ്വഭവ നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് പുതിയ ചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമല്ല. അവർക്ക് 1-4-2013-ന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി തന്നെ നൽകിയാൽ മതിയാകുന്നതാണ്. അവരിൽനിന്നും ഇതിനകം ഈടാക്കിയിട്ടുള്ള തുകകൾ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly